**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ചേറായി-ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ (14.1 കിലോമീറ്റർ) നിർമ്മാണ പ്രവൃത്തിയുടെയും ഞാറക്കൽ 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. ലെവൽ ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചെറായി-ഞാറക്കൽ 110കെവി ലൈൻ (14.1 Km) നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മൊത്തം 52 ടവർ ലൊക്കേഷനുകളിൽ 13 എണ്ണത്തിന്റെ ടവർ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായി. ഈ പ്രവൃത്തിയുടെ 48 ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ വർഷത്തിൽ നവംബർ മുതൽ മെയ് വരെയുള്ള കാലയളവിൽ ചെമ്മീൻ/മീൻ കൃഷി നടക്കുന്നതിനാൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് ജോലികൾ നടത്തുവാൻ സാധിക്കുകയില്ല. ബാക്കിയുള്ള 5 മാസം മാത്രമേ പ്രവൃത്തികൾ നടക്കുകയുള്ളൂ.<br><br>സബ്സ്റ്റേഷൻ ശേഷി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് soil investigation പൂർത്തിയാക്കി. 11കെ.വി. AB സ്വിച്ച് മാറ്റി RMU സ്ഥാപിച്ചു. 11 കെ. വി. പാനലുകൾ പുനഃസ്ഥാപിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2026 ഡിസംബറോടെ ലൈൻ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച് 66kV ഞാറക്കൽ സബ്സ്റ്റേഷന്റെ ശേഷി 66kV യിൽ നിന്ന് 110kV നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ